# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1108 — 08.02.2013 ൽ മറുപടിക്ക്

**എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷകൾ ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ; | (എ) | 35 വർഷം. |
| (ബി) | ഓരോ വർഷവും എത്ര കുട്ടികൾ ഈ പരീക്ഷ എഴുതുന്നുണ്ട് എന്നും എത്ര പേർ വിജയിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | 4, 7 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുന്ന കുട്ടികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. എല്ലാ കുട്ടി കളും ടി പരീക്ഷ എഴുതണമെന്നില്ല. ആയതിനാൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. 2012-13 അദ്ധ്യയന വർഷം എൽ.എസ്.എസിന് 12,484 കുട്ടികളും, യു.എസ്.എസ് പരീക്ഷയ്ക്ക് 6118 കുട്ടികളും സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. |
| (സി) | ഇതിന്റെ നടത്തിപ്പിനായി ഓരോ വർഷവും എത്രരൂപ ചെലവഴിക്കുന്നുണ്ട്; | (സി) | ഏകദേശം ഇരുപത് ലക്ഷം രൂപാവരെ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പായി എത്ര രൂപയാണ് നൽകുന്നതെന്നും ഇത് എങ്ങിനെയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ; | (ഡി) | എൽ.എസ്.എസിന് 100/- രൂപ യു.എസ്.എസിന് 150/- രൂപാ ക്രമത്തിൽ പ്രതിവർഷം സ്കോളർഷിപ്പ് നൽകി വരുന്നു. ബന്ധപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപകർ വഴിയാണ് തുക വിതരണം ചെയ്യുന്നത്. |
| (ഇ) | പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിയുണ്ടാവുമോ? | (ഇ) | തുക വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ